**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **12-02-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ സ്ഥലംമാറ്റവും നിയമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പി &എ. ആർ. ഡി. പഠന റിപ്പോർട്ട് പ്രകാരം അഞ്ച് വർഷത്തിൽ കൂടുതൽ രജിസ്ട്രേഷൻ ഐ.ജി ഓഫീസിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥലം മാറ്റുമെന്ന് ഉറപ്പ് നൽകിയിട്ടും അഞ്ച് വർഷം കഴിഞ്ഞ ജീവനക്കാരെ ആസ്ഥാന ഓഫീസിൽ തന്നെ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വിശദീകരിക്കാമോ; അഞ്ച് വർഷം കഴിഞ്ഞും ഐ.ജി. ഓഫീസിൽ ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | പി&എ.ആർ.ഡി. പഠന റിപ്പോർട്ട് പ്രകാരം അഞ്ച് വർഷത്തിൽ കൂടുതൽ രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥലം മാറ്റുമെന്ന് ഉറപ്പ് നൽകിയിട്ടില്ല. ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്ന് വർഷം സർവീസ് പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ലെന്നും എന്നാൽ മൂന്ന് വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ലെന്നും അവരെ അതേ സ്റ്റേഷനുള്ളിലെ/ഓഫീസിനുള്ളിലെ മറ്റു സീറ്റുകളിലേക്ക്/സെക്ഷനുകളിലേക്ക് സ്ഥലം മാറ്റേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരേ സീറ്റിൽ/സെക്ഷനിൽ മൂന്നു വർഷം പൂർത്തീകരിച്ച ജീവനക്കാരെ ചട്ട പ്രകാരം സീറ്റ്/ സെക്ഷൻ മാറ്റിയിട്ടുള്ളതാണ്. അഞ്ചു വർഷം കഴിഞ്ഞും ഐ.ജി. ഓഫീസിൽ തുടർച്ചയായി ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ 2024 വർഷത്തിലെ ഓൺലൈൻ സ്ഥലംമാറ്റ പട്ടികയിൽ ധാരാളം ജീവനക്കാർ ഉൾപ്പെട്ടിരുന്നെങ്കിലും അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ വളരെ ചുരുക്കം ജീവനക്കാർ മാത്രം ഉൾപ്പെട്ടത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ബി) | സബ് രജിസ്ട്രാർ തസ്തികയിൽ ഓൺലൈൻ സ്ഥലം മാറ്റത്തിനുള്ള കരട് പട്ടികയിൽ 103 പേർ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപങ്ങളും അപേക്ഷകളും പരിഗണിച്ച ശേഷം 107 പേർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്.<br><br>ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഓൺലൈൻ സ്ഥലം മാറ്റത്തിനുള്ള കരട് പട്ടികയിൽ 12 പേർ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപങ്ങളും അപേക്ഷകളും പരിഗണിച്ച ശേഷം 19 പേർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്.<br><br>ഹെഡ് ക്ലർക്ക് തസ്തികയിൽ ഓൺലൈൻ സ്ഥലം മാറ്റത്തിനുള്ള കരട് പട്ടികയിൽ 43 പേർ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപങ്ങളും |

| | | | |
|---|---|---|---|
| | | | അപേക്ഷകളും പരിഗണിച്ച ശേഷം 53 പേർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്.<br><br>ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികയിൽ ഓൺലൈൻ സ്ഥലം മാറ്റത്തിനുള്ള 628 പേരടങ്ങുന്ന കരട് പട്ടികയിൽ സീനിയർ ക്ലർക്ക് തസ്തികയിലുള്ള 358 പേർ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപങ്ങളും അപേക്ഷകളും പരിഗണിച്ച ശേഷം സീനിയർ ക്ലർക്ക് തസ്തികയിൽ 184 പേർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്.<br><br>സീനിയർ ക്ലർക്ക് ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള 628 പേരടങ്ങുന്ന കരട് പട്ടികയിൽ ക്ലർക്ക് തസ്തികയിലുള്ള 270 പേർ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിൽ തീരുമാനമെടുക്കേണ്ടത് ജില്ലാ രജിസ്ട്രാർ ആണ്.<br><br>ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സബ് രജിസ്ട്രാർ, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക് തസ്തികയിൽ കരട് പട്ടികയിൽ ഉൾപ്പെട്ടവരെക്കാൾ അധികം ജീവനക്കാരും സീനിയർ ക്ലർക്ക് തസ്തികയിലെ കരട് പട്ടികയിലെ പകുതിയിലധികം പേരും അന്തിമ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. അതിനാൽ അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ വളരെ ചുരുക്കം ജീവനക്കാർ മാത്രം ഉൾപ്പെട്ടുവെന്നത് വസ്തുതാപരമല്ല. |
| (സി) | വിജിലൻസ് വകുപ്പ് സർക്കാരിന് നൽകിയ റിപ്പോർട്ട് പ്രകാരം അഴിമതിയാരോപണവിധേയനായ രജിസ്ട്രേഷൻ ആസ്ഥാനത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ വകുപ്പിൽ ആഭ്യന്തര പരിശോധന നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ആഭ്യന്തര പരിശോധന ഉൾപ്പെടെയുള്ള ചുമതലകളിൽ വിലക്കേർപ്പെടുത്തിക്കൊണ്ട് വിജിലൻസ് ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥരെ ആഭ്യന്തരപരിശോധന നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. ശ്രീവിശാഖ് എം ഗിരിനാഥ് -നെതിരായി ശ്രീ കെ ഗോപാലകൃഷ്ണൻ എന്ന വ്യക്തി സമർപ്പിച്ച പരാതിയിലെ വിജിലിൻസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷന്റെ ചുമതലയിൽ നിന്നും അടിയന്തരമായി മാറ്റി മറ്റൊരു സെക്ഷനിൽ നിയമിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചതിൻ പ്രകാരം സെക്ഷൻ മാറ്റി നിയമിച്ചിട്ടുള്ളതുമാണ്. നിലവിലെ സെക്ഷനിലെ ജോലിയോടൊപ്പം മറ്റ സൂപ്രണ്ട്/ സീനിയർ സൂപ്രണ്ടുമാർ നിർവഹിക്കുന്ന ആഭ്യന്തര പരിശോധന/ നോഡൽ ഓഫീസർ ചുമതലകളും ടിയാന് നൽകിയിട്ടുണ്ട്. അപ്രകാരം ചുമതലപ്പെടുത്തരുതെന്ന് നിർദ്ദേശങ്ങൾ ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥന് ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആന്റ് പബ്ലിക് ഗ്രീവൻസ് (ഡി.എ.ആർ.പി.ജി ) ടാസ്ക് ഫോഴ്സ് നോഡൽ ഓഫീസറുടെ ചുമതല നൽകി നിയമിച്ചതിന്റെ മാനദണ്ഡവും യോഗ്യതയും വിശദീകരിക്കാമോ? | (ഡി) | രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ മുതലുള്ള വിവിധ തലത്തിലുള്ള ഓഫീസുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അനുഭവ സമ്പത്തിന്റെയും വകുപ്പിലെ നിയമങ്ങളിലുള്ള പരിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിലാണ് ടാസ്ക് ഫോഴ്സ് നോഡൽ ഓഫീസറുടെ ചുമതല സീനിയർ സൂപ്രണ്ട് ശ്രീ.ശ്രീവിശാഖ് എം ഗിരിനാഥിന് നൽകി ഉത്തരവായത്. ടാസ്ക് ഫോഴ്സിൽ ജീവനക്കാരെ തെരെഞ്ഞെടുക്കുന്നതിന് ടിയാനെ ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | പി കെ സാജൻകുമാർ | രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ |
| 2 | മായ ബി നായർ | സീനിയർ സൂപ്രണ്ട് |
| 3 | ശ്രീ വിശാഖ് എം ഗിരിനാഥ് | സീനിയർ സൂപ്രണ്ട് |
| 4 | സിനി ഐ | സീനിയർ സൂപ്രണ്ട് |
| 5 | ഷൈലജ റ്റി എസ് | ഫെയർ കോപ്പി സൂപ്രണ്ട് |
| 6 | അജയഘോഷ് എസ് | സീനിയർ ക്ലർക്ക് |
| 7 | പ്രവീൺ ആർ എസ് | സീനിയർ ക്ലർക്ക് |
| 8 | ഷെയ്ഖ സെയിൻ | സീനിയർ ക്ലർക്ക് |
| 9 | സുസ്മിത എസ് ആർ | സീനിയർ ക്ലർക്ക് |
| 10 | മനോജ് വി നായർ | സീനിയർ ക്ലർക്ക് |
| 11 | നിഷ സി ആർ | സീനിയർ ക്ലർക്ക് |
| 12 | അനൂപ് ചന്ദ്രൻ | സീനിയർ ക്ലർക്ക് |
| 13 | മഹേഷ് വി | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 14 | സാജൻ റ്റി | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 15 | ഷംലി പി എ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 16 | ജ്യോതി കൃഷ്ണൻ കെ | ക്ലർക്ക് |
| 17 | സാജൻ എസ് നായർ | ക്ലർക്ക് |
| 18 | ശ്രീഗേഷ് സി വി | ക്ലർക്ക് |
| 19 | നിതിൻ ആർ ബി | ക്ലർക്ക് |
| 20 | സതീഷ് കുമാർ വി | ക്ലർക്ക് |
| 21 | ബിനു വി എൻ | ഡഫേദാർ |
| 22 | രശ്മി എൽ | അറ്റൻഡർ |
| 23 | ഓമനക്കുട്ടൻ കെ | ഓഫീസ് അറ്റൻഡന്റ് |
| 24 | സുഷ കുമാരി ബി എസ് | ഓഫീസ് അറ്റൻഡന്റ് |
| 25 | നോബിൾ രാജ് എസ് എസ് | ഓഫീസ് അറ്റൻഡന്റ് |
| 26 | ഫ്രാൻസിംഗ് ജോൺ | നൈറ്റ് വാച്ചർ |
| 27 | പ്രദീപ് വി | ഡ്രൈവർ ഗ്രേഡ്–1 |
| 28 | സജേഷ് പി എസ് | സീനിയർ ഗ്രേഡ് ഡ്രൈവർ |
| 29 | ജയന്തി എസ് | പി.റ്റി.എസ്. |

**സെക്ഷൻ ഓഫീസർ**